


# കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ

(മത്തായി 21:1 – 17)

Vol. 11, Issue: 48

ഡീ. റോബിൻ കോലഞ്ചേരി MCBS

**കു**രിശുമരണത്തിലൂടെയാണെങ്കിലും തന്റെ പ്രിയർക്ക് രക്ഷ നൽകാനുള്ളൊരു ചങ്കുറപ്പും പ്രസാദപൂർണ്ണമായൊരു മന്ദസ്മിതവുമായിരുന്നു അവന്റെ മുഖത്ത്. സീയോൻപുത്രിയുടെ ആനന്ദവും ആർപ്പുവിളിയും അവനായിരുന്നു; എന്റെയും. രക്ഷിക്കണേ - ഓശാന എന്ന നെടുവീർപ്പിൽ രാജാധിരാജനായി അവൻ കടന്നുവരുന്നു. പിന്നീട് എന്റെ വഴികളിൽ ഒലിവ് പൂത്തു. ഉടയാടകൾ പരവതാനികളായി. നെടുവീർപ്പുകൾ ശാന്തിഗീതങ്ങളായി. ആരവങ്ങൾക്കും ആർപ്പുവിളികൾക്കും ആൾക്കൂട്ടത്തിനുമിടയിൽ ആത്മാർപ്പണത്തിന്റെ പതറാത്ത പാദചലനങ്ങൾ. അതെ, ആരവങ്ങൾക്കും ആഘോഷങ്ങൾക്കുമിടയിൽ ശാന്തനായി കഴുതപ്പുറത്ത് വന്നവനെ അനുസ്മരിക്കുന്ന തിരുനാൾ - ഓശാനത്തിരുനാൾ. ഏവർക്കും തിരുനാളിന്റെ നന്മകൾ നേരുന്നു!

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ക്രിസ്തുമസ്, ക്രിസ്തുവിന്റെ ഉപേക്ഷയുടെ ദിവസമായപ്പോൾ 'ഓശാന' ശാന്തമായി, എല്ലാവർക്കുമായി സ്വർഗ്ഗരാജ്യം നേടാനുള്ള സഹനങ്ങളുടെ വേദിയായ ജറുസലേമിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പായിരുന്നു. ക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തെ ഓശാന പാടി അനുസ്മരിക്കുമ്പോൾ 'അത് എപ്രകാരമായിരുന്നു, എന്തിനു വേണ്ടിയായിരുന്നു' എന്നു മനസ്സിലാക്കേണ്ടതുണ്ട്.

രാജാക്കന്മാർ അവരുടെ നഗരങ്ങളിലേയ്ക്ക് എങ്ങനെയാണ് എഴുന്നള്ളുക എന്ന് നേരിട്ടു കണ്ടിട്ടില്ലെങ്കിലും കഥകളിലൂടെയും ചരിത്രത്തിലൂടെയും നാം നമ്മുടെ മനസ്സുകളിൽ ചിത്രീകരിച്ചിട്ടുണ്ട്. ആയുധധാരികളായ പടയാളികളുടെയും ആനകളുടെയും കുതിരകളുടെയുമൊക്കെ വലിയ ഒരു സൈന്യത്തിന്റെ അകമ്പടിയോടെയാണ് അതെന്ന് നമുക്കറിയാം. എന്നാൽ ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു എഴുന്നള്ളത്തിന്റെയും വരവേൽപിന്റെയും ഓർമ്മ ഇന്ന് നമ്മൾ ആചരിക്കുന്നു.

**എപ്രകാരമായിരുന്നു ക്രിസ്തുവിന്റെ വരവ്?**

കുരിശ് പുണരേണ്ടവൻ കുതിരപ്പുറത്തോ സൈനിക അകമ്പടിയോടെയോ അല്ല വരിക. അവൻ കഴുതപ്പുറത്താണ് വരുന്നത്. കഴുത - കേൾക്കുമ്പോൾ തന്നെ പ്രാധാന്യമില്ലാത്ത, ചിരിയുണർത്തുന്ന വാക്ക്. മനുഷ്യന്റെ അപ്രധാനത്തെ പ്രാധാന്യമുള്ളതായി കാണുന്ന ദൈവം. വിനയാന്വിതനായി കഴുതയുടെ പുറത്ത് വരുന്ന രാജാവ് - അതാണ് ക്രിസ്തു. റോമൻ പാരമ്പര്യമനുസരിച്ച് രാജാവ് കഴുതപ്പുറത്ത് എഴുന്നള്ളുന്നത് സമാധാനത്തിന്റെ സൂചനയാണ്. 1 രാജാ. 1:38 - ാം വാക്യത്തിൽ, സോളമൻ രാജാവ് കിരീടധാരണത്തിനായി ജറുസലേമിലേയ്ക്കു വരുന്നത് തന്റെ പിതാവായ ദാവീദിന്റെ കഴുതപ്പുറത്താണ്. ക്രിസ്തു ഇവിടെ ജറുസലേമിലേയ്ക്ക് വരിക തന്റെ പിതാവിന്റെ സൃഷ്ടിയിലുൾപ്പെടുന്ന മൃഗമായ ഒരു കഴുതയുടെ പുറത്താണ്. 'സമാധാനത്തിന്റെ നഗരം' എന്ന് അർത്ഥമുള്ള 'ജറുസലേം' നഗരത്തിലേയ്ക്ക്, 'ദാവീദിന്റെ നഗരം' എന്ന് അറിയപ്പെട്ടിരുന്ന ജറുസലേമിലേയ്ക്ക് പ്രവചനങ്ങളുടെ പൂർത്തീകരണമായാണ് ക്രിസ്തു വരുന്നത് എന്നാണ് മത്തായി ശ്ലീഹാ 2:15 - ലൂടെ പറഞ്ഞുവയ്ക്കുക. "സീയോൻപുത്രിയോടു പറയുക; ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് നിന്റെ അടുത്തേയ്ക്ക് വരുന്നു"

ഏശയ്യാ 62:11, സഖ. 9:9 എന്നീ പ്രവചനങ്ങളുടെ പൂർത്തീകരണമായി മിശിഹാ വരുന്നു എന്നതാണ് ഇതിന്റെ സൂചന (സീയോൻ ജറുസലേമിന്റെ പ്രതീകമാണ്).

ക്രിസ്തു ആരാണ്? ഓരോന്നോരോന്നായി ത്യജിച്ചവൻ. അവകാശപ്പെട്ട സ്വർഗ്ഗം ഉപേക്ഷിച്ചു. ദൈവികതയുടെ മഹിമ കൈവിട്ടു. അഹന്തയാൽ ദൈവത്തെപ്പോലെയാകാൻ മോഹിച്ച മനുഷ്യരെ അത്ഭുതപ്പെടുത്തിയവൻ ക്രിസ്തു. ഏറ്റവും എളിയവനായി കഴുതപ്പുറത്തു വന്നവൻ. ക്രിസ്തു സ്വീകരിച്ച മാർഗ്ഗം വലിയ എളിമയുടേതാണ്. ക്രിസ്തുശിഷ്യരായ നമ്മൾ എപ്രകാരമാണ് ആയിരിക്കുന്നത്? സ്വന്തം നില മറന്നുകൊണ്ട് ക്രിസ്തു പ്രവർത്തിച്ചതുകൊണ്ടല്ലേ നമുക്ക് സ്വർഗ്ഗം ലഭിക്കാനുള്ള സാഹചര്യം ഉണ്ടായത് Rick Warren പറയുന്നത് എത്ര ശരിയാണ്: "It is only when we forget ourselves to be we do the things that deserve to be rememberd - സ്വയം മറന്നു നമ്മൾ ചെയ്യുന്ന കാര്യത്തിനു മാത്രമേ ഓർമ്മിക്കപ്പെടാനുള്ള യോഗ്യതയുള്ളൂ." പുൽക്കൂട് മുതൽ ആരംഭിച്ച ഈ സ്വയം മറക്കൽ, സ്വയം എളിമപ്പെടുത്തൽ, കഴുതപ്പുറത്ത് ഇരുന്നുകൊണ്ടും പെസഹാവ്യാഴാഴ്ച സ്വയം ഓർമ്മയായി മാറി വിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ടും കാൽവരിയിൽ കുരിശിൽ അത് പൂർത്തീകരിച്ചുകൊണ്ടും നീങ്ങിയത് ഉത്ഥാനത്തിന്റെ വിജയത്തിലേയ്ക്കാണ്. ക്രിസ്തു ഇത്രയോളം ശാന്തനായെങ്കിൽ, എളിമപ്പെട്ടെങ്കിൽ ക്രിസ്തുവിനെ അനുഗമിക്കുന്ന നമ്മൾ എത്രത്തോളം ആകേണ്ടിയിരിക്കുന്നു? ക്രിസ്തു പഠിപ്പിക്കുന്നു: "ഞാൻ വിനീതഹൃദയനും ശാന്തശീലനുമാണ്" (മത്തായി 11:29). അഹങ്കരിക്കുന്ന മനുഷ്യന് ക്രിസ്തു എന്നും എളിമയുടെ മാതൃകയാണ്. നമുക്കും ഹൃദയങ്ങളിൽ സൂക്ഷിക്കാം; സാധിക്കുമ്പോഴൊക്കെ ഉരുവിടാം ഈ സുകൃതജപം: "ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിനൊത്തതാക്കേണമേ."

**എന്തിനു വേണ്ടിയായിരുന്നു അപ്രകാരമൊരു വരവ്?**

പെസഹായ്ക്ക് നാലു ദിവസങ്ങൾക്കു മുമ്പ് - പെസഹാക്കുഞ്ഞാടിനെ തിരഞ്ഞെടുക്കണമെന്ന നിർദ്ദേശമുണ്ട് (പുറ. 12:3) - ബലിക്കുള്ള ഈ കുഞ്ഞാടിനെ തിരഞ്ഞെടുത്ത് പരസ്യപ്പെടുത്തുന്ന ആഘോഷം എന്നാണ് 'ഓശാന''യെ ഫുൾട്ടൻ ജെ. ഷീൻ വിശേഷിപ്പിക്കുന്നത്.

എല്ലാവർക്കും വേണ്ടി സ്വയം കുഞ്ഞാടായി നിന്നുകൊടുത്ത ക്രിസ്തു. തന്നെത്തന്നെ മനുഷ്യരുടെ മുമ്പിൽ പ്രതീകാത്മകമായും ദൈവത്തിന്റെ മുമ്പിൽ യാഥാർത്ഥ്യമായും വച്ചുകൊടുത്തു അവൻ. ദൈവത്തിന്റെ നഗരത്തിലേയ്ക്കാണ് പ്രവചനങ്ങൾ പൂർത്തിയാകേണ്ട, തന്റെ പീഡാനുഭവങ്ങളുടെയും കുരിശുമരണത്തിന്റെയും സ്ഥലമായ ജറുസലേമിലേയ്ക്കാണ് ക്രിസ്തുവിന്റെ രാജകീയവരവ്. രാജകീയപ്രവേശനം പോലെയായിരുന്നുവെങ്കിലും അതിന്റെ ലക്ഷ്യം കുരിശും സഹനവുമായിരുന്നു. മൂന്നു തവണ തന്റെ 'പീഡാനുഭവ-മരണ പ്രവചനങ്ങളിൽ' നമ്മൾ ജറുസലേമിലേയ്ക്കു പോകുന്നു എന്നു പറഞ്ഞതെല്ലാം ഈ ദിനം നടക്കുകയാണ്. തന്റെ ലക്ഷ്യത്തിന് പ്രാധാന്യം കൽപിച്ചുകൊണ്ട് നടന്നുനീങ്ങിയവനാണ് അവൻ. ജീവിതത്തിലെ എതു പ്രശ്നങ്ങളിലും നമുക്ക് വഴിയായവനിലുള്ള പ്രത്യാശ നമുക്ക് കൈവിടാതിരിക്കാം. അവിടെയാണ് 'ഹോസാന' എന്ന പദത്തിന്റെ അർത്ഥം നമ്മൾ തിരിച്ചറിയേണ്ടത്.

'ഹോസാന - ഞങ്ങളെ രക്ഷിക്കേണമേ' എന്ന് അർത്ഥം. 'കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ' എന്നു പറഞ്ഞ അന്ധരിലും (മത്തായി 20:30) 'കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ' എന്ന് അപേക്ഷിച്ച കാനാൻകാരിയിലും (മത്തായി 15:22) മത്തായി ശ്ലീഹാ വരച്ചുകാട്ടുന്നത് ഈ പദത്തിന്റെ അനുകരണങ്ങളാണ്. രക്ഷയ്ക്കു വേണ്ടിയുള്ള ഇസ്രായേൽ ജനത്തിന്റെ യാചന കേട്ട ദൈവം ഈജിപ്തിൽ നിന്ന് അവരെ രക്ഷിച്ചു. അനുഗ്രഹത്തിന്റെ നാട്ടിലേയ്ക്കുള്ള വഴിയിൽ മരുഭൂമിയിൽ വച്ച് പകൽ മേഘസ്തംഭമായും, രാത്രി അഗ്നിസ്തംഭമായും ദൈവം കൂടെ നടന്നു. അതേ ദൈവസാന്നിദ്ധ്യമാണ് ക്രിസ്തുവും തരുന്നത്. നമ്മുടെ വിളി കേൾക്കാൻ, നമ്മോടൊപ്പം ലോകാവസാനം വരെ ആയിരിക്കാൻ അപ്പമായവനാണ് അവൻ. എല്ലാമാകാനായി ഒന്നുമില്ലാതെ ആയവൻ. നമ്മുടെ വിളികൾ അവൻ കേൾക്കണമെങ്കിൽ നാം അവനെപ്പോലെയാകണം. ഓശാനത്തിരുനാളിലെ അവന്റെ വരവിന്റെ പ്രത്യേകതകൾ നമ്മുടെ ജീവിതങ്ങളിലുമുണ്ടാകണം.

നേടാൻ ആർക്കുമാവും. കൈവിടാൻ കഴിയുന്നതാണ് സാഫല്യം. ഒരു മൺതരി പോലും സ്വന്തമല്ലെന്നു ബോദ്ധ്യമായവന്റെ നിർവൃതിയാണ് അവൻ. ഒന്നാമനാകാനുള്ള നമ്മുടെ ആഗ്രഹം ദൈവത്തെ നഷ്ടമാകാനുള്ള ഭാവി ആയിത്തീരരുത്. എളിമപ്പെടുക എന്നത് എളുപ്പമുള്ള ഒന്നല്ല. പക്ഷേ, ജീവിതത്തിലും തമ്പുരാന്റെ മുമ്പിലും എളിമപ്പെടാൻ നിനക്കായാൽ സ്വർഗ്ഗരാജ്യം നിന്നിൽ നിന്ന് അകലെയല്ല എന്ന് ഓർക്കുക. 'രക്ഷിക്കണമേ' എന്നുപറഞ്ഞ് ദൈവത്തെ ആത്മാർത്ഥമായി വിളിക്കാൻ നിനക്കായാൽ പീഡാനുഭവവും ദുഃഖവെള്ളിയും കടന്ന് വിജയശ്രീലാളിതനായവൻ നിന്റെ പീഡാനുഭവ വഴികളിലും കൂടെയുണ്ടാകും. നിന്നെ തളർത്താനല്ല, തകർക്കാനുമല്ല മറിച്ച്, നിന്നെ താങ്ങാൻ, സഹായിക്കാൻ. കാരണം, മണ്ണോളം താഴുമ്പോഴാണ് വിണ്ണോളം ഉയർത്തപ്പെടുക എന്ന് അവൻ കാണിച്ചുതന്നിട്ടുണ്ട്. നമുക്ക് അവനോട് എളിമയോടെ 'ഞങ്ങളെ രക്ഷിക്കണമേ' എന്നു വിളിച്ച് അപേക്ഷിക്കാം. അപ്പോൾ ജീവിതത്തിൽ നമ്മളും ശക്തിയിൽ കുതിരയെപ്പോലെയും, ഗാംഭീര്യത്തിൽ സിംഹത്തെപ്പോലെയും, തലയെടുപ്പിൽ ആനയെപ്പോലെയും, പരിശ്രമത്തിൽ ചിലന്തിയെപ്പോലെയും, ലക്ഷ്യത്തിൽ കഴുകനെപ്പോലെയും, ക്ഷമയിൽ മഹർഷിയെപ്പോലെയും, ഉറപ്പിൽ പാറ പോലെയും, നന്മ സമ്പാദിക്കുന്നതിൽ ഉറുമ്പിനെപ്പോലെയും, കനിവിൽ മരങ്ങളെപ്പോലെയും, മനഃശുദ്ധിയിൽ ശിശുവിനെപ്പോലെയും, സ്നേഹത്തിൽ അമ്മയെപ്പോലെയും, മനസ്സിൽ ആകാശം പോലെയും ആയിത്തീരും. ഓശാനത്തിരുനാളിന്റെ ആഴമായ അർത്ഥം ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ എന്ന പ്രാർത്ഥനയോടെ വിശുദ്ധ ബലിയിലായിരിക്കാം. എല്ലാമറിയുന്ന നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മേൻ.